## 15 -ാം കേരള നിയമസഭ

## 9 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2566** **14-09-2023 - ൽ മറുപടിയ്ക്ക്**

## ഓവർഡ്രാഫ്റ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | റിസർവ് ബാങ്ക് സംസ്ഥാനങ്ങൾക്ക് നിത്യനിദാന വായ്പയും ഓവർഡ്രാഫ്റ്റും അനുവദിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്നും ഇതിന്റെ തിരിച്ചടവ് വ്യവസ്ഥകൾ എന്തൊക്കെയാണെന്നും വ്യക്തമാക്കുമോ; | (എ) | സംസ്ഥാനത്തിന്റെ ഹ്രസ്വകാല Liquidity Mismatches പരിഹരിക്കുന്നതിനായാണ് റിസർവ് ബാങ്ക് സംസ്ഥാനങ്ങൾക്ക് നിത്യ നിദാന വായ്പയും ഓവർ ഡ്രാഫ്റ്റും അനുവദിക്കുന്നത്. സംസ്ഥാനത്തിന്റെ നിലവിലെ വെയ്സ് ആന്റ് മീൻസ് അഡ്വാൻസ് പരിധി 1683 കോടി രൂപയാണ്. 90 ദിവസം വരെയുള്ള വെയ്സ് ആന്റ് മീൻസ് അഡ്വാൻസിന് റിസർവ് ബാങ്ക് റിപ്പോ നിരക്കിലും 90 ദിവസത്തിന് മുകളിൽ റിപ്പോ നിരക്ക് +1% എന്ന നിരക്കിലുമാണ് പലിശ ഈടാക്കുന്നത്. വെയ്സ് ആന്റ് മീൻസ് അഡ്വാൻസിന്റെ പരിധിക്കുള്ളിലുള്ള ഓവർ ഡ്രാഫ്റ്റിന് റിപ്പോ നിരക്ക് +2% എന്ന പലിശ നിരക്കിലും വെയ്സ് ആന്റ് മീൻസ് അഡ്വാൻസിന്റെ പരിധി അധികരിക്കുന്ന ഓവർഡ്രാഫ്റ്റുകൾക്ക് റിപ്പോ നിരക്ക് +5% എന്ന നിരക്കിലുമാണ് റിസർവ് ബാങ്ക് പലിശ ഈടാക്കുന്നത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ഓവർഡ്രാഫ്റ്റ് ആയിട്ടുണ്ട്; ഏതൊക്കെ കാലയളവിൽ ആണ് ഓവർഡ്രാഫ്റ്റ് ആയത് എന്ന വിവരം ലഭ്യമാക്കുമോ; | (ബി) | അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2021-22 സാമ്പത്തിക വർഷത്തിൽ 14 ദിവസം ഓവർ ഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്. വകുപ്പുതല കണക്കുകൾ പ്രകാരം 2022-23 സാമ്പത്തിക വർഷം 1 ദിവസവും 2023-24 ഓഗസ്റ്റ് മാസം വരെ 7 ദിവസവും ഓവർഡ്രാഫ്റ്റ് എടുത്തിട്ടുണ്ട്. |
| (സി) | ഈ കാലയളവിൽ എത്ര തവണ കടമെടുത്ത് ഓവർഡ്രാഫ്റ്റ് പരിഹരിക്കേണ്ടതായി വന്നിട്ടുണ്ട്; ഓരോ തവണയും ഈ ഇനത്തിൽ വിനിയോഗിച്ച തുക എത്രയെന്ന് വ്യക്തമാക്കുമോ? | (സി) | വികസന പ്രവർത്തനങ്ങൾ ലക്ഷ്യമാക്കിയാണ് സംസ്ഥാനം പൊതുവിൽ കടം എടുക്കാറുള്ളത്. വായ്പയെടുത്ത മുഴുവൻ തുകയും സംസ്ഥാനത്തിന്റെ സഞ്ചിത നിധിയിൽ വകയിരുത്തിയാണ് ചെലവുകൾക്കായി വിനിയോഗിക്കപ്പെടുന്നത്. സഞ്ചിത നിധിയിൽ മറ്റു വരുമാനങ്ങൾ കൂടി ഉൾപ്പെടുന്നതിനാൽ വായ്പയെടുത്ത തുക ഏതൊക്കെ ചെലവുകൾക്കായി എത്ര വീതം വിനിയോഗിക്കപ്പെട്ടെന്ന് കൃത്യമായി വേർതിരിക്കാനാവില്ല. |

സെക്ഷൻ ഓഫീസർ